ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം: ഇ15/2188/18/എൽ.എ/സി.ഇ/തസ്വഭവ

തീയതി: 24/02/2018

# സർക്കുലർ

വിഷയം:- തസ്വഭവ - നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

14-ാം കേരള നിയമസഭയുടെ 10-ാം സമ്മേളനം 2018 ഫെബ്രുവരി 26-ാം തീയതി മുതൽ 2018 ഏപ്രിൽ 4-ാം തീയതി വരെ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സമ്മേളന കാലത്ത് ബഹു. മുഖ്യമന്ത്രിയും /ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ബഹു. മുഖ്യമന്ത്രി | - | 2018 ഫെബ്രുവരി 26 |
| | | 2018 മാർച്ച് 7, 14, 21, 28 |
| ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | - | 2018 മാർച്ച് 6, 13, 20, 27 |

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ബഹു. മുഖ്യമന്ത്രി, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എന്നിവർ മറുപടി നൽകേണ്ട തീയതികളിലെ ചോദ്യങ്ങൾ കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും (അതാത് കോർപ്പറേഷൻ, പഞ്ചായത്ത്, പി.ഐ.യു, സർക്കിളുകളുമായി ബന്ധപ്പെട്ടവ) ഡൗൺലോഡ് ചെയ്ത് ഉത്തരം തയ്യാറാക്കി വയ്ക്കുകയും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഫോൺ മുഖേന ചോദ്യം ആവശ്യപ്പെടുമ്പോൾ തയ്യാറാക്കി വച്ചിരിക്കുന്ന മറുപടി (Starred Question / Submission / Calling attention എന്നിവയ്ക്കുള്ള മറുപടി 2 മണിക്കൂറിനകവും, UnStarred Question-നുള്ള മറുപടി 5 മണിക്കൂറിനകവും) ഇ-മെയിൽ മുഖേന ലഭ്യമാക്കേണ്ടതുമാണ്.
2) കോർപ്പറേഷനുകളിലെ വർക്ക്, പദ്ധതികൾ (എം.പി / എം.എൽ.എ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നവ), ഒഴിവുകൾ / തസ്തികകൾ സംബന്ധിച്ച വിവരം അതാത് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ അംഗീകാരത്തോടെ ക്രോഡീകരിച്ചും വളരെ വ്യക്തമായി തീയതിയോടുകൂടിയ ഒപ്പ് സഹിതം മറുപടി ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കേണ്ടതാണ്.
3) പഞ്ചായത്തുകളിലെ വർക്ക്, പദ്ധതികൾ (എം.പി / എം.എൽ.എ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നവ), ഒഴിവുകൾ / തസ്തികകൾ സംബന്ധിച്ച വിവരം അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അംഗീകാരത്തോടെ ക്രോഡീകരിച്ചും വളരെ വ്യക്തമായി തീയതിയോടുകൂടിയ ഒപ്പ് സഹിതം മറുപടി ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കേണ്ടതാണ്.
4) മുനിസിപ്പാലിറ്റികളുമായി ബന്ധപ്പെട്ട വർക്ക്, പദ്ധതികൾ (എം.പി / എം.എൽ.എ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നവ), ഒഴിവുകൾ / തസ്തികകൾ സംബന്ധിച്ച വിവരം,

അതാത് സർക്കിളുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ അതാത് നോർത്ത് / സൗത്ത് സർക്കിൾ സൂപ്രണ്ടിഗ് എഞ്ചിനീയർമാരുടെ കാര്യാലയം മുഖേന ക്രോഡീകരിച്ച് സൂപ്രണ്ടിഗ് എഞ്ചിനീയർമാരുടെ അംഗീകാരത്തോടെ വളരെ വ്യക്തമായി തീയതിയോടുകൂടിയ ഒപ്പ് സഹിതം മറുപടി ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കേണ്ടതാണ്.

5) പി.ഐ.യു-മായി ബന്ധപ്പെട്ട വിവരങ്ങൾ കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയർ മുഖാന്തിരം ചീഫ് എഞ്ചിനീയറുടെ അംഗീകാരത്തോടെ വളരെ വ്യക്തമായി തീയതിയോടുകൂടിയ ഒപ്പ് സഹിതം മറുപടി ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കേണ്ടതാണ്.

6) കോർപ്പറേഷൻ / മുനിസിപ്പാലിറ്റികൾ / പഞ്ചായത്തുകൾ / പി.ഐ.യു-കൾ എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ മുൻകൂറായി കേരള നിയമസഭയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉത്തരം തയ്യാറാക്കി സൂക്ഷിക്കുന്നതിന് യഥാക്രമം ബന്ധപ്പെട്ട കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, നോർത്ത് / സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയർ എന്നിവർ നിർദ്ദേശം നൽകേണ്ടതാണ്.

7) നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകുമ്പോൾ ഇ-മെയിൽ വഴി ഉത്തരത്തിനോടൊപ്പം അവയുടെ സോഫ്റ്റ് കോപ്പി (Editable format)-യിലുള്ള ഉത്തരം കൂടി നൽകേണ്ടതാണ്.

8) നിയമസഭാ ചോദ്യങ്ങൾ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടവിധം ചുവടെ ചേർക്കുന്നു.

www.niyamasabha.org എന്ന വെബ്സൈറ്റിൽ ക്ലിക്ക് ചെയ്തതിനുശേഷം വെബ്സൈറ്റിന്റെ ഇടത് ഭാഗത്തായി 14th KLA-10th session എന്ന ലിങ്കിൽ ക്ലിക്ക് ചെയ്തതിനുശേഷം Starred / unstarred questions-ലെ PDF ലിങ്കിൽ കൊടുത്തിരിക്കുന്ന Chief Minister, LSGD Minister എന്നിവരുടെ നേർക്കുള്ള മുകളിൽ പറഞ്ഞിരിക്കുന്ന തീയതികളിലെ ബന്ധപ്പെട്ട ചോദ്യങ്ങൾ ഡൗൺലോഡ് ചെയ്യേണ്ടതാണ്.

9) നിയമസഭാ ചോദ്യങ്ങളിലെ Starred questions / Submission / Calling attention എന്നിവയ്ക്ക് അടിയന്തിര പ്രധാന്യം നൽകുന്നതോടൊപ്പം, Unstarred questions-നും പ്രധാന്യം നൽകേണ്ടതാണ്.

നിയമസഭാ ചോദ്യങ്ങളുമായി ബന്ധപ്പെട്ട് മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അതാത് നിയന്ത്രണാധികാരികളുടെ വീഴ്ചയായിക്കണ്ട് വകുപ്പുതല നടപടി കൈക്കൊള്ളുന്നതിന് സർക്കാരിൽ ശുപാർശ ചെയ്യുകയും നടപടി കൈക്കൊള്ളുന്നതുമാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ് : 1) ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ആർ.ഡി.എ
2) സൂപ്രണ്ടിംഗ് എഞ്ചിനീയർ, നോർത്ത് / സൗത്ത് സർക്കിൾ / കോർപ്പറേഷനുകൾ
3) എക്സി. എഞ്ചിനീയർ, ജില്ലാപഞ്ചായത്തുകൾ

നിയമസഭാ ചോദ്യങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ
94962 36306 (നോഡൽ ഓഫീസർ)
90484 24184 (ഇ2 സെക്ഷൻ)

ഉത്തരങ്ങൾ യഥാസമയം celsgd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.